**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 591** **05-10-2021 - ൽ മറുപടിയ്ക്ക്**

**വ്യവസായ മേഖലാ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | **Shri. P. Rajeeve**<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വ്യവസായ സംരംഭകരുടെ പരാതികൾ സമയബന്ധിതമായി തീർക്കുവാനും തടസ്സരഹിതമായി വ്യവസായ മേഖലാ പ്രവർത്തനങ്ങൾ നടപ്പാക്കുവാനും ഈ സർക്കാർ സ്വീകരിച്ചുവരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | (എ) | സംസ്ഥാനത്ത് തടസ്സരഹിതമായ വ്യവസായ മേഖലാ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായി സർക്കാർ വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനുവേണ്ടി നിയമ നിർമാണങ്ങൾ അനിവാര്യമായ ഘട്ടങ്ങളിൽ അവയും നടപ്പിലാക്കിയിട്ടുണ്ട്. 2018-ൽ നടപ്പിലാക്കിയ 'കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം', 2019-ലെ 'കേരള സൂക്ഷ്മ - ചെറുകിട - ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം' എന്നിവ ഈ ഉദ്ദേശത്തോടെ നടപ്പിലാക്കിയ നിയമനിർമാണങ്ങളാണ്. വ്യവസായം ആരംഭിക്കുന്നതിന് സംരംഭകർക്കായി അനുമതികൾ ലഭ്യമാക്കുന്നതിനും പുതുക്കുന്നതിനും ഒരു ഓൺലൈൻ ഏകജാലക സംവിധാനം (കെ-സ്വിഫ്റ്റ്) നിലവിൽ വന്നിട്ടുണ്ട്. വ്യവസായ സ്ഥാപനങ്ങളിൽ വിവിധ വകുപ്പുകൾ നടത്തുന്ന പരിശോധനകൾ സുതാര്യമാക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും വേണ്ടി കെ-സിസ് (Kerala-CentraIised Inspection System) എന്ന ഓൺലൈൻ കേന്ദ്രീകൃത പരിശോധനാ സംവിധാനം സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്തു സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള അപേക്ഷകളിന്മേൽ സമയബന്ധിതമായി അനുമതികൾ ലഭ്യമാക്കുന്നതിനും, നിക്ഷേപകരുമായി സജീവ ബന്ധം സ്ഥാപിക്കുന്നതിനും, സംസ്ഥാനത്തെ ഉയർന്ന സാമ്പത്തിക സാധ്യതകളുള്ള മേഖലകളിലേക്ക് നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി 'കേരളാ ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ & ഫെസിലിറ്റേഷൻ സെൽ' (KIPF) സർക്കാർ രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ വിവിധ വകുപ്പുകൾ സംരംഭകർക്ക് ലഭ്യമാക്കേണ്ട അനുമതികൾക്കായുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കിയില്ലെങ്കിൽ |

| | | | |
|---|---|---|---|
| | | | അത്തരം പരാതികൾ പരിഗണിക്കുന്നതിനും അവ സമയബന്ധിതമായി പരിഹരിക്കുന്നതും ജില്ലാടിസ്ഥാനത്തിലും സംസ്ഥാനതലത്തിലും നിയമ പിന്തുണയുള്ള പരാതി പരിഹാര കമ്മിറ്റികൾ രൂപീകരിക്കുന്നതിലേക്കായി സർക്കാർ 2021 ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ഓർഡിനൻസ് പുറപ്പെടുവിക്കുകയുണ്ടായി. സംസ്ഥാനത്ത് വ്യവസായ നടത്തിപ്പുമായി ബന്ധപ്പെട്ട നിയമങ്ങളിലോ ചട്ടങ്ങളിലോ കാലഹരണപ്പെട്ടതും യുക്തിരഹിതവുമായ ഏതെങ്കിലും വ്യവസ്ഥകൾ നിലനിൽക്കുന്നുണ്ടെങ്കിൽ ആയത് പഠനം നടത്തി വ്യക്തമായ ശുപാർശയോടുകൂടിയ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഒരു മൂന്നംഗ വിദഗ്ദ്ധ കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്. സംസ്ഥാനത്ത് വ്യവസായിക നിക്ഷേപം വർധിപ്പിക്കുന്നത് ലക്ഷ്യമാക്കി നിലവിലുള്ള വ്യവസായസംരംഭകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അവരുടെ നിക്ഷേപ അപേക്ഷകൾക്ക് എന്തെങ്കിലും വകുപ്പുതല കാലതാമസം ഉണ്ടെങ്കിൽ പരിഹരിക്കാനുമായി ജില്ലാതലത്തിൽ "മീറ്റ് ദി മിനിസ്റ്റർ" പരിപാടി നടത്തിവരികയാണ്. വ്യവസായ വകുപ്പ് മന്ത്രി, വകുപ്പ് സെക്രട്ടറിമാർ, വകുപ്പ് മേധാവികൾ മുതലായവർ പങ്കെടുക്കുന്ന ഈ പരിപാടിയിൽ പല പ്രശ്നങ്ങൾക്കും അടിയന്തര ഇടപെടലും പരിഹാരനടപടികളും ഉണ്ടായിട്ടുണ്ട്. കൊച്ചിയിലും തിരുവനന്തപുരത്തും കോട്ടയത്തും കോഴിക്കോടും കൊല്ലത്തും തൃശ്ശൂരും ആലപ്പുഴയും മലപ്പുറത്തും കണ്ണൂരും പാലക്കാടും ഇതിനോടകം തന്നെ മീറ്റ് ദി മിനിസ്റ്റർ പരിപാടി നടത്തുകയുണ്ടായി. മേൽ പരിപാടിയിൽ ശ്രദ്ധയിൽപ്പെട്ട വിവിധ വിഷയങ്ങളിൽ ശാശ്വത പരിഹാരത്തിനായുള്ള തുടർനടപടികൾ വിവിധ ഏജൻസികളെ ഏകോപിപ്പിച്ചുകൊണ്ട് സ്വീകരിച്ചുവരുന്നു . കൂടാതെ വ്യവസായ നിക്ഷേപകർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും പരിഹരിക്കുന്നതിനുമായി നിക്ഷേപകരുമായി 'മീറ്റ് ദ ഇൻവെസ്റ്റർ' പരിപാടിയും ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. |
| (ബി) | വ്യവസായ മേഖലയിലെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാനായി വകുപ്പും സർക്കാരും നടത്തിവരുന്ന മീറ്റ് ദ മിനിസ്റ്റർ/മീറ്റ് ദ ഇൻവെസ്റ്റർ പരിപാടികളുടെ വിശദാംശം ഉൾപ്പെടെ നാളിതുവരെ നടത്തിയ പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (ബി) | സംസ്ഥാനത്ത് തടസ്സരഹിതമായ വ്യവസായ മേഖലാ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായി സർക്കാർ വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനുവേണ്ടി നിയമ നിർമാണങ്ങൾ അനിവാര്യമായ ഘട്ടങ്ങളിൽ അവയും നടപ്പിലാക്കിയിട്ടുണ്ട്. 2018-ൽ നടപ്പിലാക്കിയ 'കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം', 2019- |

ലെ 'കേരള സൂക്ഷ്മ - ചെറുകിട - ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം' എന്നിവ ഈ ഉദ്ദേശത്തോടെ നടപ്പിലാക്കിയ നിയമനിർമാണങ്ങളാണ്. വ്യവസായം ആരംഭിക്കുന്നതിന് സംരംഭകർക്കായി അനുമതികൾ ലഭ്യമാക്കുന്നതിനും പുതുക്കുന്നതിനും ഒരു ഓൺലൈൻ ഏകജാലക സംവിധാനം (കെ-സ്വിഫ്റ്റ്) നിലവിൽ വന്നിട്ടുണ്ട്. വ്യവസായ സ്ഥാപനങ്ങളിൽ വിവിധ വകുപ്പുകൾ നടത്തുന്ന പരിശോധനകൾ സുതാര്യമാക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും വേണ്ടി കെ-സിസ് (Kerala-Centralised Inspection System) എന്ന ഓൺലൈൻ കേന്ദ്രീകൃത പരിശോധനാ സംവിധാനം സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്തു സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള അപേക്ഷകളിന്മേൽ സമയബന്ധിതമായി അനുമതികൾ ലഭ്യമാക്കുന്നതിനും, നിക്ഷേപകരുമായി സജീവ ബന്ധം സ്ഥാപിക്കുന്നതിനും, സംസ്ഥാനത്തെ ഉയർന്ന സാമ്പത്തിക സാധ്യതകളുള്ള മേഖലകളിലേക്ക് നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി 'കേരളാ ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ & ഫെസിലിറ്റേഷൻ സെൽ' (KIPF) സർക്കാർ രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ വിവിധ വകുപ്പുകൾ സംരംഭകർക്ക് ലഭ്യമാക്കേണ്ട അനുമതികൾക്കായുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കിയില്ലെങ്കിൽ അത്തരം പരാതികൾ പരിഗണിക്കുന്നതിനും അവ സമയബന്ധിതമായി പരിഹരിക്കുന്നതും ജില്ലാടിസ്ഥാനത്തിലും സംസ്ഥാനതലത്തിലും നിയമ പിന്തുണയുള്ള പരാതി പരിഹാര കമ്മിറ്റികൾ രൂപീകരിക്കുന്നതിലേക്കായി സർക്കാർ 2021 ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ഓർഡിനൻസ് പുറപ്പെടുവിക്കുകയുണ്ടായി. സംസ്ഥാനത്ത് വ്യവസായ നടത്തിപ്പുമായി ബന്ധപ്പെട്ട നിയമങ്ങളിലോ ചട്ടങ്ങളിലോ കാലഹരണപ്പെട്ടതും യുക്തിരഹിതവുമായ ഏതെങ്കിലും വ്യവസ്ഥകൾ നിലനിൽക്കുന്നുണ്ടെങ്കിൽ ആയത് പഠനം നടത്തി വ്യക്തമായ ശുപാർശയോടുകൂടിയ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഒരു മൂന്നംഗ വിദഗ്ദ്ധ കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്. സംസ്ഥാനത്ത് വ്യവസായിക നിക്ഷേപം വർധിപ്പിക്കുന്നത് ലക്ഷ്യമാക്കി നിലവിലുള്ള വ്യവസായസംരംഭകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അവരുടെ നിക്ഷേപ അപേക്ഷകൾക്ക് എന്തെങ്കിലും വകുപ്പുതല

| | | | |
|---|---|---|---|
| | | | കാലതാമസം ഉണ്ടെങ്കിൽ പരിഹരിക്കാനുമായി ജില്ലാതലത്തിൽ "മീറ്റ് ദി മിനിസ്റ്റർ" പരിപാടി നടത്തിവരികയാണ്. വ്യവസായ വകുപ്പ് മന്ത്രി, വകുപ്പ് സെക്രട്ടറിമാർ, വകുപ്പ് മേധാവികൾ മുതലായവർ പങ്കെടുക്കുന്ന ഈ പരിപാടിയിൽ പല പ്രശ്നങ്ങൾക്കും അടിയന്തര ഇടപെടലും പരിഹാരനടപടികളും ഉണ്ടായിട്ടുണ്ട്. കൊച്ചിയിലും തിരുവനന്തപുരത്തും കോട്ടയത്തും കോഴിക്കോടും കൊല്ലത്തും തൃശ്ശൂരും ആലപ്പുഴയും മലപ്പുറത്തും കണ്ണൂരും പാലക്കാടും ഇതിനോടകം തന്നെ മീറ്റ് ദി മിനിസ്റ്റർ പരിപാടി നടത്തുകയുണ്ടായി. മേൽ പരിപാടിയിൽ ശ്രദ്ധയിൽപ്പെട്ട വിവിധ വിഷയങ്ങളിൽ ശാശ്വത പരിഹാരത്തിനായുള്ള തുടർനടപടികൾ വിവിധ ഏജൻസികളെ ഏകോപിപ്പിച്ചുകൊണ്ട് സ്വീകരിച്ചുവരുന്നു . കൂടാതെ വ്യവസായ നിക്ഷേപകർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും പരിഹരിക്കുന്നതിനുമായി നിക്ഷേപകരുമായി 'മീറ്റ് ദ ഇൻവെസ്റ്റർ' പരിപാടിയും ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. |
| (സി) | പ്രസ്തുത പ്രവർത്തനങ്ങളിലൂടെ വ്യവസായ സംരംഭകർക്കും വ്യവസായികൾക്കും വേണ്ടിവരുന്ന സഹായങ്ങളോടൊപ്പം സംസ്ഥാനത്തെ തൊഴിലില്ലായ്മയ്ക്കു പരിഹാരം കണ്ടെത്തുവാനുമുള്ള സർക്കാർ ലക്ഷ്യം യാഥാർത്ഥ്യമാക്കാനായി നടത്തുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ? | (സി) | സംസ്ഥാനത്ത് തടസ്സരഹിതമായ വ്യവസായ മേഖലാ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായി സർക്കാർ വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനുവേണ്ടി നിയമ നിർമാണങ്ങൾ അനിവാര്യമായ ഘട്ടങ്ങളിൽ അവയും നടപ്പിലാക്കിയിട്ടുണ്ട്. 2018-ൽ നടപ്പിലാക്കിയ 'കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം', 2019-ലെ 'കേരള സൂക്ഷ്മ - ചെറുകിട - ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം' എന്നിവ ഈ ഉദ്ദേശത്തോടെ നടപ്പിലാക്കിയ നിയമനിർമാണങ്ങളാണ്. വ്യവസായം ആരംഭിക്കുന്നതിന് സംരംഭകർക്കായി അനുമതികൾ ലഭ്യമാക്കുന്നതിനും പുതുക്കുന്നതിനും ഒരു ഓൺലൈൻ ഏകജാലക സംവിധാനം (കെ-സ്വിഫ്റ്റ്) നിലവിൽ വന്നിട്ടുണ്ട്. വ്യവസായ സ്ഥാപനങ്ങളിൽ വിവിധ വകുപ്പുകൾ നടത്തുന്ന പരിശോധനകൾ സുതാര്യമാക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും വേണ്ടി കെ-സിസ് (Kerala-CentraIised Inspection System) എന്ന ഓൺലൈൻ കേന്ദ്രീകൃത പരിശോധനാ സംവിധാനം സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്തു സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള അപേക്ഷകളിന്മേൽ സമയബന്ധിതമായി അനുമതികൾ ലഭ്യമാക്കുന്നതിനും, നിക്ഷേപകരുമായി സജീവ ബന്ധം സ്ഥാപിക്കുന്നതിനും, സംസ്ഥാനത്തെ ഉയർന്ന സാമ്പത്തിക സാധ്യതകളുള്ള മേഖലകളിലേക്ക് നിക്ഷേപങ്ങൾ |

| | | | |
|---|---|---|---|
| | | | പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി ‘കേരളാ ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ & ഫെസിലിറ്റേഷൻ സെൽ’ (KIPF) സർക്കാർ രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ വിവിധ വകുപ്പുകൾ സംരംഭകർക്ക് ലഭ്യമാക്കേണ്ട അനുമതികൾക്കായുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കിയില്ലെങ്കിൽ അത്തരം പരാതികൾ പരിഗണിക്കുന്നതിനും അവ സമയബന്ധിതമായി പരിഹരിക്കുന്നതും ജില്ലാടിസ്ഥാനത്തിലും സംസ്ഥാനതലത്തിലും നിയമ പിന്തുണയുള്ള പരാതി പരിഹാര കമ്മിറ്റികൾ രൂപീകരിക്കുന്നതിലേക്കായി സർക്കാർ 2021 ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ഓർഡിനൻസ് പുറപ്പെടുവിക്കുകയുണ്ടായി. സംസ്ഥാനത്ത് വ്യവസായ നടത്തിപ്പുമായി ബന്ധപ്പെട്ട നിയമങ്ങളിലോ ചട്ടങ്ങളിലോ കാലഹരണപ്പെട്ടതും യുക്തിരഹിതവുമായ ഏതെങ്കിലും വ്യവസ്ഥകൾ നിലനിൽക്കുന്നുണ്ടെങ്കിൽ ആയത് പഠനം നടത്തി വ്യക്തമായ ശുപാർശയോടുകൂടിയ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഒരു മൂന്നംഗ വിദഗ്ധ കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്. സംസ്ഥാനത്ത് വ്യവസായിക നിക്ഷേപം വർധിപ്പിക്കുന്നത് ലക്ഷ്യമാക്കി നിലവിലുള്ള വ്യവസായസംരംഭകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അവരുടെ നിക്ഷേപ അപേക്ഷകൾക്ക് എന്തെങ്കിലും വകുപ്പുതല കാലതാമസം ഉണ്ടെങ്കിൽ പരിഹരിക്കാനുമായി ജില്ലാതലത്തിൽ "മീറ്റ് ദി മിനിസ്റ്റർ” പരിപാടി നടത്തിവരികയാണ്. വ്യവസായ വകുപ്പ് മന്ത്രി, വകുപ്പ് സെക്രട്ടറിമാർ, വകുപ്പ് മേധാവികൾ മുതലായവർ പങ്കെടുക്കുന്ന ഈ പരിപാടിയിൽ പല പ്രശ്നങ്ങൾക്കും അടിയന്തര ഇടപെടലും പരിഹാരനടപടികളും ഉണ്ടായിട്ടുണ്ട്. കൊച്ചിയിലും തിരുവനന്തപുരത്തും കോട്ടയത്തും കോഴിക്കോടും കൊല്ലത്തും തൃശ്ശൂരും ആലപ്പുഴയും മലപ്പുറത്തും കണ്ണൂരും പാലക്കാടും ഇതിനോടകം തന്നെ മീറ്റ് ദി മിനിസ്റ്റർ പരിപാടി നടത്തുകയുണ്ടായി. മേൽ പരിപാടിയിൽ ശ്രദ്ധയിൽപ്പെട്ട വിവിധ വിഷയങ്ങളിൽ ശാശ്വത പരിഹാരത്തിനായുള്ള തുടർനടപടികൾ വിവിധ ഏജൻസികളെ ഏകോപിപ്പിച്ചുകൊണ്ട് സ്വീകരിച്ചുവരുന്നു . കൂടാതെ വ്യവസായ നിക്ഷേപകർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും പരിഹരിക്കുന്നതിനുമായി നിക്ഷേപകരുമായി 'മീറ്റ് ദ ഇൻവെസ്റ്റർ' പരിപാടിയും ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ